**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4228** **28-10-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ നവീകരണത്തിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഇല്ല |
| (ബി) | പ്രസ്തുത പനമ്പ് നെയ്ത്ത് കേന്ദ്രവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി എത്ര തൊഴിലാളികളാണ് ജോലി നോക്കി വരുന്നതെന്നുള്ള വിവരം ഇനം തിരിച്ച് അറിയിക്കാമോ; ഇവരുടെ ക്ഷേമത്തിനായി സർക്കാർ തലത്തിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ബി) | പാറശ്ശാല മണ്ഡലത്തിലെ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ 2 സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് ക്രേന്ദങ്ങളാണുള്ളത്. കുട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 47 തൊഴിലാളികളും, ചായ്ക്കുളം സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 26 തൊഴിലാളികളും നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്. ഇവരുടെ ക്ഷേമത്തിനായി ചികിത്സാ സഹായവും, മരണാനന്തര സഹായവും കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുടക്കം കൂടാതെ നൽകി വരുന്നുണ്ട്. നിലവിൽ ക്ഷേമനിധി അംഗങ്ങളായ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ് മുഖേന ഇൻകം സപ്പോർട്ട് സ്കീം വഴി 1250/- രൂപയും, കോവിഡ് ധനസഹായവുമായി ബന്ധപ്പെട്ട് 1000/- രൂപയും, പ്രസവാനുകൂല്യമായി 15000/- രൂപയും, വിവാഹ ധനസഹായമായി 3 വർഷത്തിനു മേൽ അംഗമായിട്ടുള്ളവർക്ക് 3000/-, 2-3 വർഷം ഉള്ളവർക്ക് 2500/-, 1-2 വർഷം ഉള്ളവർക്ക് 2000/- രൂപയും, കൂടാതെ അവശത പെൻഷൻ, വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകി വരുന്നുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പനമ്പ് നിർമ്മാണത്തിനാവശ്യമായ ഈറ്റ കൃത്യമായി | (സി) | തിരുവനന്തപുരം മേഖലയിൽ ഒക്ടോബർ മാസം 4 ലോഡ് ഈറ്റ വിതരണം ചെയ്തതിൽ, കുട്ടറ, ചായ്ക്കുളം സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിൽ ഒരു ലോഡ് ഈറ്റ വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ലഭിക്കുന്നതിന് എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്; അറിയിക്കുമോ; | | പത്തനംതിട്ടയിൽ ഉള്ള റാന്നി/ ഗൂഡ്രിക്കൽ റേഞ്ചിൽ മാത്രമാണ് പനമ്പ് നെയ്യുന്നതിനാവശ്യമായ ഈറ്റ ലഭിക്കുന്നത്. ഈറ്റ ധാരാളമായി വെട്ടിയെടുക്കാൻ കഴിയുന്ന വനപ്രദേശമായ മൂന്നാർ ഡിവിഷനിലെ അടിമാലി, നേരിയമംഗലം റേഞ്ചുകൾ വർക്കിംഗ് പ്ലാനിൽ ഇല്ലാത്തതിനാൽ അവയെ വനം വകുപ്പിന്റെ മാനേജ്മെന്റ് പ്ലാനിൽപ്പെടുത്തി ഈറേഞ്ചിൽ നിന്നും ഈറ്റ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴ മാറുന്നതോട് കൂടി ഗൂഡ്രിക്കൽ റേഞ്ചിൽ നിന്നും ആവശ്യത്തിന് ഈറ്റ എടുക്കാനും അടിമാലി, നേര്യമംഗലം റേഞ്ചിൽ നിന്നും ഈറ്റ എടുക്കുന്നതിന് അനുവാദം ലഭിക്കുന്നതോട് കൂടി എല്ലാ നെയ്ത്ത് കേന്ദ്രങ്ങളിലും ഈറ്റ എത്തിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ വിവിധ കാലയളവുകളിൽ എത്ര അളവിൽ ഈറ്റ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | 2019-2020 കാലയളവുകളിൽ കുട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 800 കോലും, ചായ്ക്കുളം സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 4700 കോലും ഈറ്റ വിതരണം ചെയ്തിട്ടുണ്ട്. 2020- 2021 കാലയളവുകളിൽ കുട്ടറ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 16410 കോലും, ചായ്ക്കുളം സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 9530 കോലും ഈറ്റ വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത തൊഴിലാളികൾക്ക് പനമ്പ് നെയ്ത്തിനായി അസംസ്കൃത വസ്തുക്കൾ കൃത്യമായി വിതരണം ചെയ്യുന്നതിനും ഇവരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? ഫാക്ടറി? | (ഇ) | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ 94 കോടി രൂപയോളം സഞ്ചിത നഷ്ടത്തിലും, 2018 ലെയും, 2019 ലെയും പ്രളയവും, അതിനു ശേഷം 2020 ൽ ഉണ്ടായ കോവിഡ് മഹാമാരിയും മൂലം ഉണ്ടായ ലോക്ക്ഡൗണുമെല്ലാം സ്ഥാപനത്തിന് ഈറ്റ എടുക്കുവാൻ കഴിയാത്ത സാഹചര്യം വരുകയും, ഇത് പനമ്പ് നെയ്ത്ത് മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും, ഇത്തരം നഷ്ടങ്ങൾക്കിടയിലും, നാളിതുവരെ കോർപ്പറേഷനിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും ശമ്പളവും, കൂലിയും മുടക്കം കൂടാതെ നൽകിയിട്ടുണ്ട്. കൂടാതെ ഇവർക്ക് എല്ലാ വർഷവും ഓണത്തിന് നൽകിവരുന്ന ഇൻസെന്റീവ്, ചികിത്സാ സഹായം, മരണാനന്തര സഹായം എന്നിവ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുടക്കം കൂടാതെ നൽകി വരുന്നുണ്ട്. മിനിമം വേതനത്തിന്റെ ഭാഗമായി നൽകിവരുന്ന ഡി.എ കുടിശ്ശിക നൽകുന്നതിനായി 12 കോടി രൂപയ്ക്ക് അനുമതി നൽകിയതിൽ ആദ്യ ഗഡുവായി 4 കോടി 96 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ